"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം- തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം ഫെറിമാൻ ശ്രീ. ശ്രീകുമാർ എസ്- ന് തസ്തിക മാറ്റം വഴി തിരുവനന്തപുരം ജില്ലയിൽ ഒഴിവുള്ള ഫുൾടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.522/2025/LSGD തീയതി,തിരുവനന്തപുരം, 21-02-2025

---

പരാമർശം:- 1. ശ്രീ.ശ്രീകുമാർ.എസ് ന്റെ അപേക്ഷ

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 14.02.2023, 01.01.2024, 21.11.2024 എന്നീ തീയതികളിലെ LSGD/PD/3611/2023-DEF5 നമ്പർ കത്തുകൾ

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം ഫെറിമാൻ ശ്രീ. ശ്രീകുമാർ എസ്-ന് ഉയർന്ന രക്തസമ്മർദ്ദം, ചുഴലിരോഗം മുതലായ ആരോഗ്യപരമായ കാരണങ്ങളാൽ ഫെറിമാൻ തസ്തികയിലെ ജോലി നിർവ്വഹിക്കുന്നതിന് ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായും സഹതാപകരമായ കാരണങ്ങൾ കണക്കിലെടുത്ത് ടിയാൾക്ക് തസ്തികമാറ്റം വഴി ഫുൾടൈം സ്വീപ്പർ തസ്തികയിലോ, ആഫീസ് അറ്റൻഡന്റ് തസ്തികയിലോ മാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. ശ്രീകുമാർ എസ് -ന് Seizure disorder ആണെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് പരിഗണിച്ച് ഫെറിമാൻ എന്ന നിലയിലുള്ള ടിയാളുടെ സേവനം ടിയാൾക്കും, കടത്ത് യാത്രക്കാർക്കും അപകട സാധ്യതയ്ക്ക് കാരണമാകുമെന്നതിനാൽ Rights Persons with Disabilities Act 2016 Section 20(4) പ്രകാരം തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം ഫെറിമാൻ ശ്രീ. ശ്രീകുമാർ എസ്- ന് തസ്തിക മാറ്റം വഴി തിരുവനന്തപുരം ജില്ലയിൽ ഒഴിവുള്ള ഫുൾടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

3.സെക്രട്ടറി, ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം
(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

4. ശ്രീ. ശ്രീകുമാർ എസ്, ഫുൾ ടൈം ഫെറിമാൻ, ചിറയിൻകീഴ് ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
5. സാമൂഹ്യ നീതി വകുപ്പ്(25.03.2024ലെ എസ് ജെ ഡി-ബി1/81/2024/സാനീവ)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
6.എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
7.കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 37/ഇപിഎ2/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Danuja M S
Date: 21-02-2025 12:17:5